**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **12-02-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ വാങ്ങി സൂക്ഷിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | കാരുണ്യ ഫാർമസികളിൽ ബ്രാൻഡ് നെയിം മരുന്നുകൾ വാങ്ങി സൂക്ഷിക്കേണ്ടതില്ലെന്ന് ആരോഗ്യവകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) | ഡോക്ടർമാർ കുറിച്ചുനൽകുന്ന അതേ ബ്രാൻഡ് നെയിം മരുന്നുകൾ തന്നെ വൃക്കരോഗികൾ കഴിക്കണമെന്നത് നിർബന്ധമായതിനാൽ ഈ തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ; | (ബി) | എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തുടനീളം ഗുണമേന്മയോടു കൂടിയ മരുന്നുകൾ ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തനം ആരംഭിച്ചത്. കേരളത്തിലുടനീളം നിലവിൽ 74 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും, (പമ്പ, ശബരിമല സന്നിധാനം സീസണൽ ഫാർമസികൾ ഉൾപ്പെടെ) പ്രസ്തുത ഫാർമസികളിലേക്കുള്ള മരുന്ന് വിതരണം ഏകോപിപ്പിക്കുന്നതിനായി 5 കാരുണ്യ മെഡിസിൻ ഡിപ്പോകളും പ്രവർത്തിക്കുന്നു.<br>കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കാരുണ്യ പ്ലസ് പദ്ധതി.<br><br>നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സർക്കാർ ആശുപത്രികളിലാണ് പ്രവർത്തിച്ചു വരുന്നത്. കാരുണ്യയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിനായി കൂടുതൽ കേന്ദ്രങ്ങളിൽ കൂടി പ്രസ്തുത പദ്ധതി മുഖേന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള സാധ്യതകൾ കോർപ്പറേഷൻ വിലയിരുത്തി വരുന്നു.<br><br>ആയതിനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പെട്ടെന്ന് എത്തിച്ചേരുവാനും ബുദ്ധിമുട്ടില്ലാതെ |

| | | | |
|---|---|---|---|
| | | | മരുന്നുകളും ചികിത്സാസാമഗ്രികളും വാങ്ങുവാനും സാധിക്കുന്ന തരത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കെട്ടിടങ്ങൾ കണ്ടെത്തുകയും മരുന്ന് സംഭരണ വിതരണത്തിന് ഉതകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നുള്ളതാണ് കോർപ്പറേഷന് മുന്നിലുള്ള അടിയന്തിര ലക്ഷ്യം. ക്യാൻസർ മരുന്നുകൾ, അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് ശേഷം കഴിക്കേണ്ട മരുന്നുകൾ, ഡയാലിസിസ് രോഗികൾക്കുള്ള മരുന്നുകൾ, എന്നിവ പ്രത്യേകം സംഭരിച്ച് പ്രത്യേകം കൗണ്ടർ വഴി ഏറ്റവും വിലകുറച്ച് നൽകുന്നതിനുള്ള നടപടികളും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ